സംഗമയുഗം ഉത്സവത്തിന്റെ യുഗമാണ് - ഉത്സവം ആഘോഷിക്കുക അര്ത്ഥം അവിനാശി ഉണര്വുത്സാഹത്തില് കഴിയുക

ഇന്ന് ത്രിദേവ രചയിതാവ് ത്രിമൂര്ത്തി ശിവ ബാബ തന്റെ ആത്മീയ രത്നങ്ങള്ക്കൊപ്പം ഡയമണ്ട് ജൂബിലി അഥവാ ഡയമണ്ട് ജയന്തി ആഘോഷിക്കാന് വന്നിരിക്കുകയാണ്. ഇതേ വിചിത്ര ജയന്തിയെ ആണ് ഡയമണ്ട് ജയന്തി എന്ന് പറയുന്നത് എന്തുകൊണ്ടെന്നാല് ബാബ അവതരിതം ആകുന്നത് തന്നെ കക്കയ്ക്ക് സമാനമായ ആത്മാക്കളെ വജ്രതുല്യമാക്കുന്നതിനാണ്. അപ്പോള് ബാപ്ദാദ നാലു പാടുമുള്ള കുട്ടികളെ ആരാണ് വജ്രത്തേക്കാളും അമൂല്യം എല്ലാവരെയും മുന്നില് കാണുകയാണ്. ബാപ്ദാദയ്ക്കു മുന്നില് കേവലം മധുബന്റെ സഭയല്ല എന്നാല് വിശ്വത്തിലെ നാനാ ഭാഗത്തെയും ബ്രാഹ്മണ കുട്ടികളുടെ സഭയാണ്. എല്ലാവരുടെ ഹൃദയത്തിന്റെയും ആശംസകളുടെ സ്നേഹം നിറഞ്ഞ ഗീതം എന്ന് പറഞ്ഞാലും സംസാരം എന്ന് പറഞ്ഞാലും ബാബ സമീപത്ത് നിന്ന് കേട്ടുകൊണ്ടിരിക്കുകയാണ്. ഹൃദയത്തിന്റെ ശബ്ദം ഹൃദയേശ്വരനടുത്ത് ആദ്യം എത്തിച്ചേരുന്നു. അപ്പോള് ബാപ്ദാദ കാണുകയാണ് കുട്ടികളുടെ സേവനത്തിന്റെ പ്രത്യക്ഷ തെളിവ് നാല് പാടും നിന്ന് മധുബന് ബാബയുടെ മധുരമായ വീട് വരെ എത്തിച്ചേര്ന്നിരിക്കുന്നു. ശിവജയന്തിയെ ഉത്സവം എന്നും പറയുന്നു. യഥാര്ത്ഥ രീതിയിലൂടെ ഉത്സവം താങ്കള് ബ്രാഹ്മണര് തന്നെ ആചരിക്കുന്നു എന്തുകൊണ്ടെന്നാല് ഉത്സവത്തിന്റെ അര്ത്ഥം തന്നെയാണ് സദാ ഉത്സാഹത്തില് ഉണര്വില് കഴിയുക. അപ്പോള് താങ്കള് ആരെല്ലാം ഇരിക്കുന്നുവെങ്കിലും എല്ലാവരുടെ ഹൃദയത്തിലും ഉത്സാഹവും ഉണര്വും എത്രയാണ്? അവിനാശിയാണോ അതോ ഇന്നത്തേക്ക് ആണോ? അവിനാശി അല്ലേ? അതിനാല് ബാപ്ദാദ ഈ ശ്രേഷ്ഠ സംഗമ യുഗത്തെ ഉത്സവത്തിന്റെ യുഗം എന്ന് പറയുന്നു. ഓരോ ദിവസവും താങ്കള്ക്ക് ഉത്സാഹ സമ്പന്നമാണ്. ഓരോ ദിവസവും ഉത്സവമാണ്.

മഹിമയുള്ളത് പോലെ താങ്കള് വിഷയം ഉയര്ത്തുന്നു 'അനേകതയില് ഏകത' അപ്പോള് പ്രാക്റ്റിക്കലില് അനേക ദേശം അനേക ഭാഷകള് അനേകരൂപ നിറം എന്നാല് അനേകതയിലും എല്ലാവരുടെ ഹൃദയത്തിലും ഏകതയല്ലേ! എന്തെന്നാല് ഒരു ബാബയാണ്. അമേരിക്കയില് നിന്ന് വന്നതായാലും ആഫ്രിക്കയില് നിന്ന് വന്നതായാലും ഹൃദയത്തില് ഒരു ബാബയാണ്. ഒരു ശ്രീമതത്തില് സഞ്ചരിക്കുന്നവരാണ്. അപ്പോള് ബാപ്ദാദിക്ക് നന്നായി തോന്നുന്നു അനേക ഭാഷകളില് ആയിട്ടും മനസ്സിന്റെ പാട്ട്, മനസ്സിന്റെ ഭാഷ ഒന്നാണ്. ഏത് ഭാഷയില് ഉള്ളവരായാലും കറുത്ത കിരീടം കിട്ടിയിട്ടുണ്ട് (എല്ലാവരും ഹെഡ് ഫോണിലൂടെ അവരവരുടെ ഭാഷയില് കേട്ടുകൊണ്ടിരിക്കുകയാണ് ) ഇപ്പോള് ഈ കറുത്ത കിരീടം മാറി ഗോള്ഡന് ആയി മാറും. എന്നാല് എല്ലാവരുടെയും മനസ്സിന്റെ ഭാഷ ഒന്നാണ് ഒരേ വാക്കാണ് എന്റെ ബാബ. എല്ലാ ഭാഷയിലുള്ളവരും പറയൂ എന്റെ ബാബ. ശരി ഇതൊന്ന് മാത്രമാണ്. അപ്പോള് അനേകതയില് ഏകതയല്ലേ! ഉത്സാഹത്തോടെ കഴിയുന്നവര് അര്ത്ഥം ഉത്സവം ആഘോഷിക്കുന്ന ശ്രേഷ്ഠ ആത്മാക്കളാണ്. ഒരിക്കലും ഉത്സാഹം കുറയാന് പാടില്ല. ആദ്യവും കേള്പ്പിച്ചു ബ്രാഹ്മണ ജീവിതത്തിന്റെ ശ്വാസമാണ് ഉണര്വുത്സാഹം. അഥവാ ശ്വാസം പോയാല് ജീവിതം സെക്കന്റില് അവസാനിച്ചു പോകുമല്ലോ! അപ്പോള് ബ്രാഹ്മണജീവിതത്തില് അഥവാ ഉണര്വുത്സാഹത്തിന്റെ ശ്വാസമില്ല എങ്കില് ബ്രാഹ്മണ ജീവിതമില്ല. ആര് സദാ ഉണര്വുത്സാഹത്തിലാണോ അവര് ഉടന് പറയും ബ്രാഹ്മണര് തന്നെ ഉണര്വുത്സാഹത്തിനു വേണ്ടിയാണ്. ആരുടെ ഉണര്വുത്സാഹം കുറഞ്ഞു പോകുന്നു അവരുടെ സംസാരം തന്നെ മാറിപ്പോകുന്നു. അവര് പറയും ശരിയൊക്കെ തന്നെ, ഉണ്ടാകേണ്ടതാണ്, ആയിക്കോളും ..... അപ്പോള് ഈ ഭാഷയും ആ ഭാഷയും എത്ര വ്യത്യാസമാണ്! അവരുടെ ഓരോ സംസാരത്തിലും എങ്കില് തീര്ച്ചയായും വരും സംഭവിക്കേണ്ടതൊക്കെയാണ്.. അപ്പോള് ഈ എങ്കില് എങ്കില് ഉണ്ടാകുന്നില്ല, ഈ ഉണര്വോത്സാഹത്തിന്റെ പ്രഷര് കുറയുന്നതിലൂടെ തന്നെ ഇങ്ങനെ സംസാരം ദുര്ബലതയുടെ സംസാരം പുറപ്പെടുന്നു. അപ്പോള് ഉണര്വുത്സാഹം ഒരിക്കലും കുറയുവാന് പാടില്ല. ഉണര്വുത്സാഹം കുറയുന്നത് എന്തുകൊണ്ടാണ്? ബാപ്ദാദ പറയുന്നു സദാ വാ വാ (ആഹാ ആഹാ ) പറയൂ പറയുന്നത് വൈ വൈ (എന്തുകൊണ്ട്എന്തുകൊണ്ട് ) .അഥവാ ഏതെങ്കിലും സാഹചര്യത്തില് എന്തുകൊണ്ട് എന്ന് വരുന്നുവെങ്കില് ഉണര്വുത്സാഹത്തിന്റെ പ്രഷര് കുറഞ്ഞുപോകുന്നു. ബാപ്ദാദ കഴിഞ്ഞ വര്ഷവും ഡബിള് വിദേശികളോട് പറഞ്ഞിരുന്നു വൈ എന്ന വാക്ക് ബ്രാഹ്മണ ഡിക്ഷണറിയില് നിന്ന് മാറ്റൂ. എപ്പോള് വൈ വരുന്നുവോ അപ്പോള് ഫ്ളൈ എന്ന വാക്ക് ഓര്മിക്കൂ എങ്കില് വൈ അവസാനിക്കും. ഏതെങ്കിലും സാഹചര്യം ചെറുതായാലും വലുതായി

തോന്നുന്നുവെങ്കില് വൈ എന്ന് വരുന്ന ഇത് എന്തുകൊണ്ടാണ് ഇത് എന്തുകൊണ്ടാണ് ..... ഫ്ളൈ പറയൂ എങ്കില് സാഹചര്യം എന്താകും ചെറിയൊരു കളിപ്പാട്ടം. അപ്പോള് എപ്പോഴെല്ലാം വൈ എന്ന വാക്ക് മനസ്സില് വരുന്ന അപ്പോള് പറയൂ ബ്രാഹ്മണ ഡിക്ഷണറിയില് വൈ എന്ന വാക്ക് ഇല്ല ഫ്ളൈ ആണ് എന്തുകൊണ്ടെന്നാല് വൈ വൈ അയ്യോ അയ്യോ എന്നാക്കുന്നു. ബാപ്ദാദയ്ക്ക് ചിരി വരുന്ന ഒരു വശത്ത് പറയും -ഇല്ല എന്നെപ്പോലെ ശ്രേഷ്ഠ ഭാഗ്യം ആര്ക്കും ഇല്ല . ഇപ്പോഴിപ്പോള് ഇതു പറയും ഇപ്പോഴിപ്പോള് ഉത്സാഹം കുറഞ്ഞു എങ്കില് പറയും അറിയില്ല എന്റെ ഭാഗ്യം തന്നെ ഇങ്ങനെയായി! എന്റെ ഭാഗ്യം ഇത്രയേ ഉള്ളൂ! അപ്പോള് അയ്യോ അയ്യോ ആയല്ലോ! അതിനാല് എപ്പോഴൊക്കെ അയ്യോ അയ്യോയുടെ ദൃശ്യം വരുന്നുവോ ആഹാ ആഹാ ചെയ്യൂ എങ്കില് ദൃശ്യവും മാറും താങ്കളും മാറും.

ഡബിള് വിദേശി ഇപ്പോള് പോസിറ്റീവ് തിങ്കിംഗ് ന്റെ കോഴ്സ് ചെയ്യിക്കുകയല്ലേ . എല്ലാ വിദേശത്തുള്ള വരും ഇതേ വിശേഷ കോഴ്സ് എടുക്കുകയല്ലേ? അപ്പോള് അവനവനും എടുക്കുന്നുണ്ടോ അതോ മറ്റുള്ളവര്ക്ക് എടുക്കുകയാണോ? ഏത് സമയം ഇങ്ങനെ ഏതെങ്കിലും സാഹചര്യം വരുന്നോ അപ്പോള് അവന് അവനെ തന്നെ വിദ്യാര്ത്ഥിയാക്കി സ്വയം തന്നെ ടീച്ചറായി അവനവന് ഈ കോഴ്സ് എടുക്കൂ. അവനവന് എടുക്കാന് കഴിയുമോ അതോ മറ്റുള്ളവര്ക്ക് മാത്രമേ എടുക്കാന് കഴിയൂ? മറ്റുള്ളവര്ക്ക് എടുക്കുക സഹജമാണ്. എപ്പോള് ഇത് സ്വാഭാവിക സ്ഥിതി ആകുന്നുവോ ഓരോ വ്യക്തിയെ കാര്യത്തെ പോസിറ്റീവ് വിചാരത്തോടെ കാണൂ കേള്ക്കൂ ചിന്തിക്കൂ എങ്കില് എങ്ങനെയുള്ള സ്ഥിതിയാകും? ഇപ്പോള് സയന്സിലൂടെയും ഇങ്ങനെയുള്ള സാധനം പുറത്തുവന്നിട്ടുണ്ട് ചീത്ത വസ്തുക്കളെയും വളരെ സുന്ദര രൂപത്തിലേക്ക് മാറ്റുന്നത്. കണ്ടുവല്ലോ എന്തില് നിന്നും എന്താക്കി തീര്ക്കുന്നു! അപ്പോള് താങ്കളുടെ മനോവൃത്തി എന്താ ഇങ്ങനെ പരിവര്ത്തനപ്പെടുത്താന് സാധിക്കില്ലേ? നെഗറ്റീവ് രൂപത്തില് വന്നോട്ടെ എന്നാല് താങ്കള് നെഗറ്റീവിനെ പോസിറ്റീവ് വിചാരത്തോടെ മാറ്റൂ . അഥവാ എളുപ്പത്തിലേക്ക് വന്നു എങ്കില് അതിന്റെ കാരണമാണ് നെഗറ്റീവ് കേള്ക്കുക,ചിന്തിക്കുക അഥവാ പറയുക അല്ലെങ്കില് ചെയ്യുക. ഈ മോഡല് ഉണ്ടാക്കാറില്ലേ ചിന്തിക്കരുത് കാണരുത് പറയരുത് ചെയ്യരുത്. സൈലന്സിന്റെ ശക്തിക്ക് എന്താ നെഗറ്റീവിനെ പോസിറ്റീവിലേക്ക് മാറ്റാന് കഴിയില്ലേ! താങ്കളുടെ മനസ്സും ബുദ്ധിയും ഇങ്ങനെ ആകണം നെഗറ്റീവ് സ്പര്ശിക്കരുത്,സെക്കന്ഡില് പരിവര്ത്തനപ്പെടണം.എങ്ങനെ തീവ്രഗതിയുടെ അനുഭൂതി ചെയ്യാന് സാധിക്കുമോ? മനസ്സും ബുദ്ധിയും ഇങ്ങനെ തീവ്രതയുടെ യന്ത്രമായി മാറട്ടെ . ആക്കാന് സാധിക്കുമോ അതോ സമയമെടുക്കുമോ? നെഗറ്റീവ് കാര്യം വരുന്നുവെങ്കില് പറയും അല്പം ആലോചിക്കാന് വിടൂ നോക്കട്ടെ ശരി എന്താണ്!പെട്ടെന്ന് വേഗത്തില് പരിവര്ത്തനപ്പെടണം ഇതിനെയാണ് പറയുന്നത് ബ്രാഹ്മണ ജീവിതത്തിന്റെ രസം, ആനന്ദം . ജീവിക്കണമെങ്കില് ആനന്ദത്തില് ജീവിക്കണം.ചിന്തിച്ച് ചിന്തിച്ച് ജീവിക്കുക അത് ജീവിക്കല് അല്ല . താങ്കള് മറ്റുള്ളവരോട് പറയുന്ന രാജയോഗം ജീവിക്കാനുള്ള കലയാണ്. അപ്പോള് താങ്കള് എല്ലാം രാജയോഗി ജീവിതം ഉള്ളവരല്ലേ!അതോ പറയുന്നവര് ആണോ? എപ്പോള് രാജയോഗം ജീവിക്കാനുള്ള കലയാകുന്നുവോ അപ്പോള് രാജയോഗികളുടെ കല എന്താണ്? ഇതല്ലേ?അപ്പോള് ഉത്സവം ആഘോഷിക്കുക അര്ത്ഥം ആനന്ദത്തില് കഴിയുക. മനസ്സും ആനന്ദത്തില് ശരീരവും ആനന്ദത്തില് സംബന്ധ സമ്പര്ക്കവും ആനന്ദത്തില് .

പല കുട്ടികളും പറയുന്ന തന്റേതായ രീതിയില് ശരിയായിരിക്കുന്നു, തന്റെ ആനന്ദത്തില് കഴിയുന്നു എന്നാല് സംബന്ധ സമ്പര്ക്കത്തില് ആനന്ദത്തിലിരിക്കുക, ഇത് ഇടയ്ക്കിടെ ഉണ്ടാകുന്നു. എന്നാല് സംബന്ധ സമ്പര്ക്കം തന്നെയാണ് താങ്കളുടെ സ്ഥിതിയുടെ പേപ്പറാണ്. അഥവാ വിദ്യാര്ത്ഥി പറയുകയാണ് ഞാന് പാസ് വിത് ഓണര് ആണ് എന്നാല് പരീക്ഷയുടെ സമയത്ത് മാര്ക്ക് കുറയുന്നു എങ്കില് ഇങ്ങനെയുള്ളവരെ എന്തു പറയും? ഇങ്ങനെയല്ലല്ലോ! ഫുള് പാസ് ആകുന്നവരല്ലേ?ബാപ്ദാദ കേള്പ്പിച്ചു ആര് സദാ ബാബയുടെ സമീപം (പാസ്) കഴിയുന്നോ അവര് പാസ് ആണ്. സമീപം കഴിയുന്നില്ലെങ്കില് പാസ് അല്ല. അപ്പോള് എവിടെയാണ് കഴിയുന്നത്? ദൂരെ കഴിയുന്നു, സമീപം വസിക്കുന്നില്ല! ഡബിള് വിദേശികള്ക്ക് ഡബിള് പാസ് ആകണ്ടേ! ശരി

അപ്പോള് ഡബിള് വിദേശികള് ഇത്തവണ ഹൈജംപ് ചെയ്തിരിക്കുന്നു. മധുബനില് ഹൈജംപ് ചെയ്ത് എത്തിച്ചേര്ന്നിരിക്കുന്നു. (ഇത്തവണ ഓരോ വര്ഷത്തെക്കാളും കൂടുതല് സംഖ്യ ഡബിള് വിദേശികള് മധുബനില് എത്തിയിട്ടുണ്ട് ) നല്ലത്, ഡബിള് വിദേശികള്ക്കും പലര്ക്കും 'പട്ടറാണി'യാകാനുള്ള അവസരം നന്നായി ലഭിച്ചിട്ടുണ്ട്. പട്ടറാണി ആകുന്നതില് ആനന്ദമുണ്ടോ അതോ ഇല്ലയോ? താങ്കളുടെ ബ്രീഫ്കേസ് ഇത്രയുമുണ്ട് അതില്

തന്നെ ഉറങ്ങാം എന്തെന്നാല് ഒരു വലുതുകൊണ്ടു വരുന്നു, ഒരു ചെറുത് കൊണ്ടുവരുന്നു, അപ്പോള് ചെറുതിനെ തലയിണയാക്കു. സ്ഥലം ലാഭിക്കുമല്ലോ! നന്നായി തോന്നുന്നു ബാപ്ദാദ സീന് കാണുകയാണ് എങ്ങനെ ഭാരിച്ച ലഗ്ഗേജുകള് വലിച്ച് കൊണ്ടുവരുന്നു! നല്ല ദൃശ്യമായിരിക്കുന്നല്ലേ! സംഗമത്തില് ഈ പരിശ്രമവും അല്പ സമയത്തേക്കാണ് പിന്നീട് പ്രകൃതിയും താങ്കളുടെ ദാസിയാകും അപ്പോള് ദാസിമാരും ധാരാളം ഉണ്ടാകും. പിന്നീട് താങ്കള്ക്ക് സാധനം ചുമക്കേണ്ട ആവശ്യമില്ല. ഇപ്പോള് തന്റെ രാജ്യം സ്ഥാപനയാകുകയാണ്, ഈ സമയം ഗുപ്ത വേഷത്തിലാണ്, സേവാധാരിയാണ് പിന്നീട് രാജ്യ അധികാരിയാകും. അപ്പോള് സേവാധാരികള്ക്ക് എല്ലാ തരത്തിലുമുള്ള സേവനം ചെയ്യേണ്ടിവരുന്നു. എത്രത്തോളം ഇപ്പോള് ശരീരം, മനസ്സ്, ധനം സമ്പര്ക്കത്തിലൂടെ സേവനം ചെയ്യുന്നു അത്രയും തന്നെ അവിടെ സേവാധാരി ലഭിക്കും. ഏറ്റവും ആദ്യം ഈ പ്രകൃതിയുടെ അഞ്ചു തത്വങ്ങള് താങ്കളുടെ സേവാധാരിയാകും. തന്റെ രാജ്യ ഭാഗ്യം സ്മൃതിയില് ഉണ്ടല്ലോ! എത്ര തവണ രാജ്യ അധികാരി ആയിട്ടുണ്ട്! എണ്ണമറ്റ തവണ ആയിട്ടുണ്ട് ആയിക്കൊണ്ടും ഇരിക്കുന്നു. എന്നാല് രാജ്യ അധികാരിയെക്കാളും ഇപ്പോഴത്തെ സേവാധാരി ജീവിതം ശ്രേഷ്ഠമാണ് എന്തുകൊണ്ട് എന്നാല് ഇപ്പോള് ബാബയും കുട്ടികള്ക്കൊപ്പം ആണ് . ഏത് തരത്തിലുള്ള സേവനം ആകട്ടെ എന്നാല് സേവനത്തിന്റെ പ്രത്യക്ഷ ഫലം ഇപ്പോള് ലഭിക്കുന്നു. ബാവയുടെ സ്നേഹം, സഹയോഗം, ബാബയിലൂടെ ലഭിക്കുന്ന ഖജനാക്കള് പ്രത്യക്ഷഫലത്തിന്റെ രൂപത്തില് ലഭിക്കുന്നു. എപ്പോഴെങ്കിലും ഏതെങ്കിലും വിശേഷ സേവനം ചെയ്യുന്നു, യുക്തിയുക്തസേവനം ചെയ്യുന്നു എങ്കില് എത്ര സന്തോഷം ഉണ്ടാകുന്നു!ആ സമയത്ത് മുഖത്തിന്റെ ഫോട്ടോ എടുക്കു എങ്ങനെയുണ്ടാകുന്നു!അപ്പോള് ഒരു വശത്ത് സേവനം ചെയ്യുന്നു മറുവശത്ത് പ്രത്യക്ഷ ഫലം താങ്കള്ക്ക് വേണ്ടി സദാ തയ്യാര് തന്നെയാണ്.ഒരു കൈ കൊണ്ട് സേവനം ചെയ്യൂ മറു കൈകൊണ്ട് ഫലം കഴിക്കു ഇങ്ങനെ അനുഭവം ഉണ്ടാകുന്നുണ്ടോ? അതോ സേവനത്തില് വലിയ പരിശ്രമം ആണോ? സേവനത്തില് ഇളക്കം ഉണ്ടാകുന്നുണ്ടോ ഇല്ലയോ? ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നു. ഈ ഇളക്കം തന്നെ പരിപക്വമാക്കുന്നു, അനുഭവിയാക്കുന്നു. ഇളക്കത്തില് ഇതുകൊണ്ടാണ് വരുന്നത് ആരാണ് കേവലം വര്ത്തമാനത്തെ കാണുന്നത്. എന്നാല് വര്ത്തമാനത്തില് ഒളിഞ്ഞിരിക്കുന്ന ഭാവിയെ സ്പഷ്ടമായി കാണപ്പെടുന്നില്ല അതിനാല് ഇളക്കത്തിലവരുന്നു. ഏതെങ്കിലും വലുതിലും വലിയ കടുത്ത സാഹചര്യം വാസ്തവത്തില് മുന്നോട്ടേക്കായി വളരെ വലിയ പാഠം പഠിപ്പിക്കുകയാണ് സാഹചര്യമല്ല എന്നാല് അത് താങ്കളുടെ ടീച്ചര് ആണ് ആ ദൃഷ്ടിയോടെ നോക്കു ഈ സാഹചര്യം എന്തു പാഠം പഠിപ്പിച്ചു? ഇതിനെ പറയുന്നു നെഗറ്റീവിനെ പോസിറ്റീവിലേക്ക് പരിവര്ത്തനപ്പെടുത്തുക. വെറും സാഹചര്യത്തെ കാണുന്നു എങ്കില് പരിഭ്രമിച്ചു പോകുന്നു. സാഹചര്യം മായയിലൂടെ എപ്പോഴും പുതിയ പുതിയ രൂപത്തില് വരും. അങ്ങനെ തന്നെ വരികയില്ല ഏത് രൂപത്തില് വന്നുവോ ആ രൂപത്തില് വരികയില്ല.പുതിയ രൂപത്തില് വരും. അപ്പോള് അതില് പരിഭ്രമിച്ചു പോകുന്നു ഇത് പുതിയ കാര്യമാണല്ലോ ഇത് നടക്കുക ഇല്ലല്ലോ ഇത് നടക്കാന് പാടില്ലല്ലോ ....എന്നാല് മനസ്സിലാക്കിക്കൊള്ളു മായ അന്ത്യം വരെ ബഹുരൂപിയായി ബഹുരൂപം കാണിക്കും. മായക്ക് ബഹുരൂപി ആകുക വളരെ പെട്ടെന്നും നല്ല രീതിയിലും സാധിക്കും. എങ്ങനെ താങ്കളുടെ സ്ഥിതി അങ്ങനെ സാഹചര്യം ഉണ്ടാക്കി വരും.ഇന്ന് വിചാരിക്കു താങ്കള് കുറേശ്ശെ അലസ ജീവിതത്തിലാണ് എങ്കില് മായയും അതേ ആലസ്യത്തിന്റെ സാഹചര്യത്തിന്റെ രൂപത്തില് വരും. ഇന്ന് മൂഡ് അല്പം ഓഫ് ആണ് എങ്ങനെ ആകണമോ അങ്ങനെയില്ല എങ്കില് മൂഡ് ഓഫ് ന്റെ സാഹചര്യത്തിന്റെ രൂപത്തിലുന്നെ വരും. പിന്നെ ചിന്തിക്കുന്നു ആദ്യമേ തന്നെ ഞാന് ചിന്തിച്ചത് ആയിരുന്നു പിന്നെ ഇത് എന്തേ സംഭവിച്ചു? അതിനാല് മായയെ കാണുന്നതിന് അറിയുന്നതിന് ത്രികാലദര്ശിയും ത്രിനേത്രിയുമാകൂ. മുന്നിലും പിന്നിലും മുമ്പോട്ടും ത്രിനേത്രിയാകൂ.

താങ്കള് എല്ലാവരും ത്രിനേത്രിയും ത്രികാലദര്ശിയും അല്ലേ?ഡബിള് വിദേശികള് ത്രികാലദര്ശിയാണ്, യെസ് ഓര് നോ? എല്ലാവരും പറയൂ ആണെന്നോ അല്ലെന്നോ (അതെ) സ്വന്തം ഭാഷയില് ഇവര് നന്നായി സംസാരിക്കുന്നു.എല്ലാവരും സന്തുഷ്ടരാണോ? (അതെ) ഇത്രയും വലിയ സംഘടനയില് രസമുണ്ടോ? (ഉണ്ട്) ചില ചിലര് ഇത് ചിന്തിക്കുന്നില്ലല്ലോ അടുത്തവര്ഷംതിരക്കില് വരികയില്ല അല്പം പിന്നാലെ വരും? സംഘടനയുടെ രസവും പ്രിയപ്പെട്ടതാണ്. അങ്ങനെ വരുന്നുവെങ്കില് പരിപാടി അനുസരിച്ച് തന്നെ കൂടുതല് വരേണ്ട എന്നാല് ശീലം ഇങ്ങനെയാകണം എല്ലാവരോടും ചേര്ന്നു പോകാന് കഴിയണം. സഹകരിക്കാനുള്ള ശക്തി വിജയി ആക്കുന്നു. ബ്രഹ്മാ ബാബയെ കണ്ടു കുട്ടികളോട് കുട്ടിയായി അഡ്ജസ്റ്റ് ആകുന്നു വലിയവരോട് വലുതായി കൊണ്ട് അഡ്ജസ്റ്റ് ആകുന്നു. ബെഗ്ഗറി ജീവിതമാകട്ടെ, സാധനങ്ങളുടെ ജീവിതമാകട്ടെ രണ്ടിലും അഡ്ജസ്റ്റ് ആവുക, സന്തോഷത്തോടെയിരിക്കുക, ചിന്തിച്ചു കൊണ്ടല്ല. ഇവിടെ ദു?ഖിയാകുന്നില്ല എന്നാല് സന്തോഷത്തിന് പകരം അല്പംചിന്തയില് വീഴുന്നു ഇതെന്താ സംഭവിച്ചത് എങ്ങനെ സംഭവിച്ചു .... അപ്പോള് ചിന്തിക്കുന്നവര്ക്ക് അഡ്ജസ്റ്റ്

ആകാനുള്ള രസത്തിന് കുറച്ച് സമയം എടുക്കുന്നു. സ്വയം പരിശോധിക്കു എങ്ങനെയുള്ള സാഹചര്യമാകട്ടെ നല്ലതോ ഇളക്കുന്നതോ എന്നാല് ഓരോ സമയവും ഓരോ പരിതസ്ഥിതിയിലും സ്വയത്തെ അഡ്ജസ്റ്റ് ചെയ്യാന് സാധിക്കുമോ? ഡബിള് വിദേശികള്ക്ക് ഏകാന്തതയും നന്നായി തോന്നുന്നു കൂട്ടുകെട്ടും വളരെ നന്നായി തോന്നുന്നു. എന്നാല് കൂട്ടുകെട്ടില് ആണോ ഒറ്റയ്ക്കാണോ രണ്ടിലും അഡ്ജസ്റ്റ് ആവുക ഇതാണ് ബ്രാഹ്മണ ജീവിതം . ഇങ്ങനെയല്ല സംഘടനയുണ്ട് തലയിട്ട് ഉടയ്ക്കണം ഇല്ല എനിക്ക് ഏകാന്തമാകണം, ഈ ബഹളത്തില് അല്ല എനിക്ക് ഒറ്റയ്ക്ക് ആകണം ... മനസ്സ് ഏകാന്തം അര്ത്ഥം ബഹിര്മുഖതയില് നിന്ന് അന്തര്മുഖതയിലേക്ക് പോകു എങ്കില് ഏകാന്തതയുണ്ട്. ചില ചിലര് പറയുന്നുവല്ലോ ഒറ്റയ്ക്ക് മുറി വേണം രണ്ടുപേരും വേണ്ട. ഒറ്റയ്ക്ക് ലഭിച്ചാല് ആനന്ദത്തോടെ ഉറങ്ങു 10 പേര്ക്കിടയില് ആണെങ്കിലും ഉറങ്ങുകയാണെങ്കില് ആനന്ദത്തോടെ ഉറങ്ങു. വിദേശികള്ക്ക് 10 പേര്ക്കിടയില് ഉറങ്ങാന് കഴിയുമോ അതോ ബുദ്ധിമുട്ടാണോ?ഉറങ്ങാന് കഴിയുമോ (ഉവ്വ് ) ശരി ഇപ്പോള് അടുത്തവര്ഷം 2020 പേരെ ഉറക്കാം. നോക്കു സമയം മാറിക്കൊണ്ടിരിക്കുകയാണ് മാറിക്കൊണ്ടിരിക്കും. ലോകത്തിന്റെ അവസ്ഥ ഏറ്റവും മോശമാവുകയാണ് ഇനിയും ആകും . ആകുക തന്നെ വേണം. ഇപ്പോള് കേവലം ഓരോ സ്ഥലത്ത് വേറെ വേറെ ആയിരിക്കുന്നു അവസാനത്തില് എല്ലായിടത്തുനിന്നും ഒന്നിച്ച് ഉണ്ടാകും. അപ്പോള് നിര്ണായകസമയം വരിക തന്നെ വേണം . സമയം നിര്ണായകമാണ് എന്നാല് താങ്കളുടെ സ്വഭാവം നിര്ണായകമല്ല. പലര്ക്കും സ്വഭാവം വളരെ നിര്ണായകമാകുന്നില്ലേ, അല്പം ഒച്ചയുണ്ടായി, അല്പം എന്തെങ്കിലും ഉണ്ടായി എങ്കില് അസ്വസ്ഥമായി. ഇതിനെ പറയുന്നു നിര്ണായക സ്ഥിതി, നിര്ണായക സ്വഭാവം. അപ്പോള് നിര്ണായക സ്വഭാവമാകരുത്. എങ്ങനെയാണ് സമയം അങ്ങനെ അവനവനെ അഡ്ജസ്റ്റ് ചെയ്യാന് സാധിക്കണം. ഈ അഭ്യാസം മുന്നോട്ടുപോകവേ താങ്കള്ക്ക് വളരെ ഉപകാരത്തില് വരും എന്തുകൊണ്ടെന്നാല് അവസ്ഥകള് സദാ ഒരേ പോലെ ഇരിക്കുകയില്ല. ഫൈനല് പേപ്പര് താങ്കളുടെ നിര്ണായക സമയത്ത് ഉണ്ടാകുന്നു . വിശ്രമത്തിന്റെ സമയത്ത് ഉണ്ടാവുകയില്ല. നിര്ണായക സമയത്ത് ഉണ്ടാകണം. അപ്പോള് എത്രത്തോളം ഇപ്പോള് മുതല് സ്വയത്തെ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള ശക്തി ഉണ്ടോ അപ്പോള് നിര്ണായക സമയത്ത് പാസ് വിത് ഓണറാകാന് സാധിക്കും. പേപ്പര് വളരെ സമയത്തിന്റേതല്ല പേപ്പര് വളരെ കുറച്ച് സമയത്തിന്റേതാണ് എന്നാല് നാല് പാടുമുള്ള നിര്ണായക സാഹചര്യങ്ങള് അവയ്ക്കിടയില് പരീക്ഷ നല്കുകയാണ് അതിനാല് സ്വയത്തെ സ്വഭാവത്തിലും ശക്തിശാലിയാക്കൂ. എന്തു ചെയ്യാം എന്റെ സ്വഭാവം ഇതാണ്, എന്റെ ശീലം തന്നെ ഇങ്ങനെയാണ്, ഇതല്ല, ഇതിനെ നിര്ണായക സ്വഭാവം എന്നു പറയുന്നു. നോക്കു ബാപ്ദാദ സ്ഥാപനയുടെ ആദിയില് എല്ലാ അനുഭവവും ചെയ്യിച്ചു. എപ്പോള് ആദി ഉണ്ടായോ അപ്പോള് രാജകുമാരനും രാജകുമാരിയെക്കാളും അധികം പാലന, സാധനം എല്ലാ അനുഭവവും ചെയ്യിച്ചു, മുന്നോട്ട് പോയി ബെഗ്ഗറി ജീവിതത്തിന്റെയും പൂര്ണ അനുഭവം ചെയ്യിച്ചു. അപ്പോള് ആര് രണ്ട് അനുഭവവും ചെയ്തുവോ അവര്ക്ക് ശീലമായി മാറി. അപ്പോള് താങ്കള്ക്ക് എല്ലാം മുന്നില് ഇങ്ങനെയുള്ള സമയം വന്നിട്ടില്ല എന്നാല് വരണം . എവിടെ കഴിയുകയാണെങ്കിലും എല്ലാം ഇളകണം എല്ലാ ആധാരവും മുറിയണം. അപ്പോള് ഇങ്ങനെയുള്ള സമയത്ത് എന്ത് വേണം? ഒരേയൊരു ബാബ തന്നെ ആധാരം. താങ്കള് എല്ലാം ആണെങ്കില് വളരെ വളരെ ലക്കിയാണ്,വരാനിരിക്കുന്ന സമയം താങ്കള്ക്ക് സഹജ സാധനങ്ങളുടേതാണ്. സഹജ സാധനങ്ങള്ക്ക് ഒപ്പമാപ്പെം ആണ് താങ്കളുടെ ബ്രാഹ്മണ ജന്മം . എന്നാല് സാധനവും സാധനയും സാധനങ്ങളെ കണ്ടുകൊണ്ട് സാധന മറക്കരുത്, എന്തുകൊണ്ടെന്നാല് അന്തിമത്തില് സാധനതന്നെ പ്രയോജനത്തില് വരുന്നു. മനസ്സിലായോ? ശരി

നാനാ ഭാഗത്തെയും അമൂല്യ വിശേഷരത്നങ്ങള്ക്ക്,സദാ ഓരോ ദിവസവും ഉത്സാഹത്തോടെ ഉത്സവം ആഘോഷിക്കുന്ന ശ്രേഷ്ഠ ആത്മാക്കള്ക്ക്, സദാ സ്വസ്ഥിതിയുടെയും സേവനത്തിന്റെ ഉന്നതിയുടെയും ബാലന്സ് വെക്കുന്ന ആശിര്വാദത്തിന് അധികാരി ആത്മാക്കള്ക്ക്, സദാ സാഹചര്യത്തെ സഹജമായി മറികടക്കുന്ന ഇളകാത്ത അചഞ്ചല മഹാവീര ആത്മകള്ക്ക് ബാപ്ദാദയുടെ സ്നേഹ സ്മരണ, നമസ്തേ

വരദാനം :- സമ്പൂര്ണ്ണതയിലൂടെ സമ്പന്നതയുടെ പ്രാലബ്ധത്തിന്റെ അനുഭവം ചെയ്യുന്ന സര്വ്വ ചരടുകളില് നിന്നും മുക്തമായി ഭവിക്കട്ടെ.

സംഗമയുഗത്തില് സാഗരം ഗംഗയില് നിന്നും വേറെയല്ല ഗംഗ സാഗരത്തില് നിന്നും വേറെയല്ല . ഇതേ സമയത്ത് നദിയുടെയും സാഗരത്തിന്റെയും കൂടിച്ചേരലിന്റെ മേളയുണ്ടാകുന്നു. ആര് ഈ മേളയില് കഴിയുന്നുവോ അവര് സര്വ്വ ചരടുകളില് നിന്നും മുക്തമായി മാറുന്നു. ഈ മേളയുടെ അനുഭവം അവര്ക്കാണ് ചെയ്യാന് സാധിക്കുക ആര് സമാനമാകുന്നു. സമാനമാകുക അര്ത്ഥം അലിഞ്ഞുചേരുക . ആര് സദാ സ്നേഹത്തില് അലിഞ്ഞിരിക്കുന്നു അവര് സമ്പൂര്ണ്ണതയുടെയും

സമ്പന്നതയുടെയും പ്രാലബ്ധത്തിന്റെ അനുഭവം ചെയ്യുന്നു. അവര്ക്ക് ഒരു അല്പകാല പ്രാലബ്ധത്തിന്റെയും ഇച്ഛ ഉണ്ടാവുകയില്ല.

സ്ലോഗന് :- സദാ ഒരു ബാബയുടെ ശ്രേഷ്ഠസംഗത്തില് കഴിയൂ. എങ്കില് ഹോളിയെസ്റ്റും ഹൈയസ്റ്റും ആയി മാറും